

# പ്രളയം ഒരു വിചിന്തനം

ഡോ.മനോജ് പി.സാമുവൽ



ഇപ്പോഴത്തെ തലമുറ ഇതേവരെ കണ്ടിട്ടില്ലാത്ത അഭൂതപൂർവ്വവും അപ്രതീക്ഷിതവും അതിരൂക്ഷവുമായ പ്രളയക്കെടുതിയിലൂടെയാണ് കേരള സംസ്ഥാനം കടന്നു പോകുന്നത്. പ്രളയ ജലം ഒഴുക്കിക്കളഞ്ഞ സ്വത്തും പ്രകൃതിയും വീണ്ടെടുക്കുകയെന്നതാണ് നമ്മുടെ മുമ്പിലുള്ള ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ വെല്ലുവിളി. അതിശക്തമായ മഴ അപ്രതീക്ഷിതമായി തുടർച്ചയായി പെയ്തതാണ് പ്രളയത്തിന്റെ പ്രധാനകാരണം. നമ്മുടെ അണക്കെട്ടുകളെല്ലാം ഒരു പ്രളയ നിയന്ത്രണ സംവിധാനം എന്നതിലുപരി ജലവൈദ്യുതി പദ്ധികളായും ജലസേചനനിർമ്മിതികളായും മറ്റുമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ പ്രളയ ഭീഷണിയോ അതിരൂക്ഷ വർഷത്തേക്കുറിച്ചുള്ള പ്രവചനമോ ഇല്ലാതിരുന്ന നാളുകളിൽ കഴിയുന്നത്ര ജലം ശേഖരിക്കുകയെന്നതു തന്നെയായിരുന്നു ബന്ധപ്പെട്ട വകുപ്പുകളുടേയും, ഏജൻസികളിടേയും മുൻഗണന. പെട്ടന്നുണ്ടായ അതീവ ശക്തമായ മഴയിൽ നീരൊഴുക്ക് കൂടി അണക്കെട്ടുകളിൽ ജലം വേഗം നിറഞ്ഞു വന്നപ്പോൾ സുരക്ഷയെ കരുതി കൂടുതൽ ജലം ഷട്ടറുകൾ തുറന്ന് ഒഴുക്കി വിടേണ്ടി വന്നു. ഇതും വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കൂട്ടി. ജലനിർഗ്ഗമനമാർഗ്ഗങ്ങളിലെ തടസ്സങ്ങൾ, കയ്യേറ്റങ്ങൾ, വികലമായ വികസനപ്രവർത്തനങ്ങൾ, അശാസ്ത്രീയമായ ഭൂവിനിയോഗം എന്നിവയെല്ലാം സ്ഥിതി സങ്കീർണ്ണമാക്കി. സാധാരണയിൽ കിട്ടുന്നതിന്റെ 44.19% അധികം മഴയാണ് ജൂൺ 1 മുതൽ ആഗസ്റ്റ് 29 നും ഇടയിൽ എറണാകുളം ജില്ലയിൽ കിട്ടിയത്. ഇടുക്കി ജില്ലയിൽ 83.71% കൂടുതൽ മഴയാണ് കിട്ടിയത്. കുറഞ്ഞ സമയത്തിൽ ഏറെ മഴവെള്ളം കുത്തിയൊലിച്ച് വന്നത് താങ്ങാൻ മണ്ണ് നിറഞ്ഞ്, ആഴം കുറഞ്ഞ, കയ്യേറ്റങ്ങൾ കൊണ്ട് ശോഷിച്ച നമ്മുടെ നദികൾക്ക് കഴിയാതെ വന്നതിന്റെ പരിണിത ഫലമാണീ മഹാപ്രളയം.

പ്രളയശേഷം പുനരുജ്ജീവനത്തിന്റെ നാളുകളിൽ ഭാവിയിൽ ഇത്തരമൊരു പ്രളയം ഉണ്ടായാൽ നേരിടേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ചാണ് നാം ചർച്ച ചെയ്യുന്നത്. ഏതാനും ചില ചിന്തകളും നിർദ്ദേശങ്ങളും താഴെ:

1. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തു

കളും അതത് പ്രദേശത്തിന്റെ ഒരു ഭൂവിനിയോഗ ഭൂപടം തയ്യാറാക്കേണ്ടതാണ്. പഞ്ചായത്തിലെ ഓരോതുണ്ട് ഭൂമിയും ഏതാവശ്യത്തിനാണ് ഉപയോഗിക്കുന്നത്, കാർഷികക്രമവും രീതിയും എന്ന് തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ ലഭ്യമാകും. പരിസ്ഥിതി ലോല പ്രദേശങ്ങൾ, ജലസ്രോതസ്സുകൾ, നിർഗ്ഗമനമാർഗ്ഗങ്ങൾ-നദികൾ, തോടുകൾ ഉൾപ്പെടെ എല്ലാം ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലകൾ വേറിട്ടടയാളപ്പെടുത്തേണ്ടതാണ്. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ തീർത്തും നിയന്ത്രിക്കേണ്ടിയിരിക്കുന്നു.



3. ജല നിർഗ്ഗമനമാർഗ്ഗങ്ങളിലെ തടസ്സങ്ങൾ എല്ലാം ഒഴിവാക്കുക. പുഴകളുടേയും മറ്റും ആഴം നിലനിർത്താൻ ചെളിവാരൽ വർഷത്തിലൊന്നെങ്കിലും നടത്തണം. പ്ലാസ്റ്റിക്കും മറ്റു മാലിന്യ വസ്തുക്കളും പുഴകളിലേക്കും തോടുകളിലേക്കും മറ്റു ജലാശയങ്ങളിലേക്കും എത്തുന്നത് ഒഴിവാക്കുക.

4. ഉയർന്ന വൃഷ്ടി പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ നിർബന്ധമാണ്, കൃഷിയിടമാണെങ്കിൽ പ്രത്യേകിച്ചും ജൈവ മാർഗ്ഗങ്ങളോ നിർമ്മിതികളോ ആകാം. ഭൂമിയുടെ ചരിവിനനുസൃതമായി വേണം കൃഷി വിളകളും മണ്ണ് സംരക്ഷണ മാർഗ്ഗങ്ങളും തെരഞ്ഞെടുക്കാൻ. കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ കൃഷി ഒഴിവാക്കുന്നതു തന്നെയാണ് ഉത്തമം, വനപ്രദേശമായി നിലനിർത്തുന്നത് ഏറ്റവും നല്ലത്.

5. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വിശിഷ്യാ പരിസ്ഥിതി ലോല പ്രദേശങ്ങളും പ്രളയ സാധ്യതാ മേഖലകളിലും ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഒരു കാലാവസ്ഥാ മുന്നറിയിപ്പ് കേന്ദ്രം ആരംഭിക്കുക. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റവന്യൂ വകുപ്പ്, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം തുടങ്ങിയവയുമായി സംയോജിപ്പിച്ചു കൊണ്ടു വേണം ഇവ പ്രവർത്തിക്കേണ്ടത്. വിവരങ്ങൾ തൽസമയം കൈമാറുന്നതിന് കിയോസ്ക്കുകളോ മൊബൈൽ ആപ്പുകളോ ഉപയോഗിക്കുകയും ആകാം. കാലാവസ്ഥാ-പ്രകൃതി ക്ഷോഭ ഭീഷണിയുള്ള പ്രദേശങ്ങളിൽ ജീവൻ രക്ഷാ സെന്ററുകളും അത്യാവശ്യ ഘട്ടങ്ങളിൽ പ്രവർത്തനക്ഷമമാകുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

6. കാലാവസ്ഥയും ഭൂപ്രകൃതിയും മറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ വിവിധ ഏജൻസികളായ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ഭൂവിനിയോഗ വകുപ്പ്, മണ്ണ് സംരക്ഷണ പര്യവേഷണ വകുപ്പുകൾ, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം തമ്മിൽ യോജിച്ചതും ഒത്തിണക്കത്തോടുകൂടിയതും സമയ ബന്ധിതവുമായ പ്രവർത്തനം ഉറപ്പാക്കണം. മേൽപ്പറഞ്ഞ ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകളിലും, ഉരുൾപ്പൊട്ടൽ സാധ്യതാ മേഖലകളുടെ ഭൂപടങ്ങളുടേയും മറ്റും ക്രോഡീകരിച്ച വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങളുപയോഗിച്ചും, സർക്കാറിന്റേയും വികസനവകുപ്പുകളുടെയും ശാസ്ത്ര ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിലൂടെയും ജനപങ്കാളിത്തം ഉറപ്പാക്കുന്ന പരിസ്ഥിതിക്കിണങ്ങുന്ന വികസനനിർമ്മാണ പ്രവർത്തനങ്ങൾ മാത്രം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയും ഭാവിയിലെ കാലാവസ്ഥാ പ്രവചനവും, ദുരന്ത മുന്നൊരുക്കങ്ങളും, നിവാരണ പ്രവർത്തനങ്ങളും, കൂടുതൽ കാര്യക്ഷമമായും ഏകോപനത്തോടു കൂടിയും നടപ്പാക്കാൻ സാധിക്കണം.

●

**(ഡോ.മനോജ് പി.സമുവൽ കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ (സിഫ്ട്) പ്രിൻസിപ്പൽ സയന്റിസ്റ്റും വകുപ്പ് മേധാവിയുമാണ്. കേരള സർക്കാറിന്റെ മഴവെള്ള സംഭരണ പ്രചാരണ പരിപാടിയുടെ മുൻ സംസ്ഥാനതല മാനേജരും കൃഷിവിജ്ഞാൻ പുരസ്കാര ജേതാവുമാണ്.)**

ഫോൺ:9177943425